# കേരള സർക്കാർ

## വനംവന്യജീവിവകുപ്പ്

വൈൽഡ്ലൈഫ് വാർഡന്റെ കാര്യാലയം, തിരുവനന്തപുരം

സി 3066/2019 തീയതി : 29/08/2019

## ക്വട്ടേഷൻ പരസ്യം

2019 വർഷത്തെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് സെപ്റ്റംബർ മാസം 10-ാം തീയതി മുതൽ 16-ാം തീയതി വരെ 6 ദിവസത്തേക്ക് നെയ്യാർ വന്യജീവിസങ്കേതവും പരിസരം, അഗസ്ത്യ ചീങ്കണ്ണി പാർക്ക്, വ്ളാവെട്ടി മാൻപാർക്ക്, ഇൻഫർമേഷൻ സെന്റർ എന്നിവിടങ്ങളിൽ ദീപാലങ്കാരം നടത്തുന്നതിന് ഒരു ദിവസത്തേക്ക് നിശ്ചിത തുക എന്ന നിരക്കിൽ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻ ലഭിക്കുന്നയാൾ ചുവടെപ്പറയുന്ന നിബന്ധനകൾ പാലിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കും.

1. എല്ലാ ദിവസവും വൈകിട്ടി 6.30 മുതൽ 9.30 വരെ ദീപാലങ്കാരം പ്രവർത്തിപ്പിക്കേണ്ടതാണ്.
2. പ്രകൃതി ക്ഷോഭവുമായി ബന്ധപ്പട്ടോ മറ്റെന്തെങ്കിലും കാരണത്തലോ ആഘോഷ പരിപാടികൾ വനംവകുപ്പ് വിലക്കുന്ന പക്ഷം ദീപാലങ്കാരം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം വൈൽഡ്ലൈഫ് വാർഡന് ഉണ്ടായരിക്കുന്നതാണ്.
3. ദീപാലങ്കാരങ്ങൾ ആരംഭിച്ചതിനുശേഷമാണ് ഇത്തരത്തിൽ ആഘോഷപരിപാടികൾ റദ്ദ് ചെയ്യുന്നതെങ്കിൽ ദീപാലങ്കാരം നടത്തിയ ദിവസങ്ങളിലേക്കുള്ള തുകയ്ക്ക് കരാർകാരൻ അർഹനായിരിക്കും. ഇക്കാര്യം നെയ്യാർ അസ്സി. വൈൽലൈഫ് വാർഡന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തീരുമാനിക്കുന്നത്.
4. ദീപാലങ്കാരങ്ങൾ നടത്തേണ്ടുന്ന കൃത്യസ്ഥലങ്ങൾ നെയ്യാർ അസ്സി. വൈൽലൈഫ് വാർഡൻ നിർദ്ദേശിക്കുന്നതായിരിക്കും.

5. ദീപാലങ്കാരങ്ങൾ തൃപ്തികരമായി പ്രവർത്തിപ്പിച്ച് പൂർത്തിയാക്കുന്ന മുറയ്ക്ക് നെയ്യാർ അസ്സി. വൈൽലൈഫ് വാർഡന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും കരാർ തുക ലഭ്യമാക്കുന്നത്.

ക്വട്ടേഷൻ സ്വീകരിക്കുന്ന തീയതി : **04/09/2019, 1.00** മണി വരെ
ക്വട്ടേഷൻ തുറക്കുന്ന തീയതി : **04/09/2019, 3.00** മണി

വൈൽഡ്ലൈഫ് വാർഡൻ
തിരുവനന്തപുരം
(കേരള ഗവർണ്ണർക്കുവേണ്ടി)

പകർപ്പ് :

1. തിരുവനന്തപുരം മൃഗശാല സൂപ്രണ്ടിന് നൽകുന്നു. താങ്കൾ ഈ നോട്ടീസ് മൃഗശാല നോട്ടീസ് ബോർഡിൽ പതിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2. ജില്ലാ പഞ്ചായത്ത് ഓഫീസ്, പട്ടം, തിരുവനന്തപുരം. താങ്കൾ ഈ നോട്ടീസ് ബോർഡിൽ പതിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷന് നൽകുന്നു. താങ്കൾ ഈ നോട്ടീസ് മൃഗശാല നോട്ടീസ് ബോർഡിൽ പതിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ നോട്ടീസ് ബോർഡ്.

5. തിരുവനന്തപുരം ഫോറസ്റ്റ് ട്രെയിനിംഗ് കോംപ്ലക്സിലെ എല്ലാ ഓഫീസുകളിലേയും നോട്ടീസ് ബോർഡ്.

6. നെയ്യാർ അസ്സി. വൈൽഡ്ലൈഫ് വാർഡന് നൽകുന്നു.